(ബി) ഓരോ മേഖലയിലും പ്രതിവർഷം പഠിക്കാനവസരം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ചുവടെചേർക്കുന്നു:

കോളേജ്	അദ്ധ്യയന വർഷം 2001-02	അദ്ധ്യയന വർഷം 2002-03	അദ്ധ്യയന വർഷം 2003-04
മെഡിക്കൽ	..	400	200
ഡെന്റൽ	..	80	260
നഴ്സിംഗ്	..	1150	250
എഞ്ചിനീയറിംഗ്	2670	6420	1920
എം. ബി. എ.	..	300	300

കോളേജുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ

124 [676] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

272 ഒഴിവുകൾ ഉണ്ട്.

ഗവൺമെന്റ് കോളേജുകളിൽ ഇംഗ്ലീഷ് ലക്ചറർമാരുടെ ഒഴിവുകൾ

125 [677] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ ഇംഗ്ലീഷ് ലെക്ചറർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) 1995-ൽ ഇംഗ്ലീഷ് ലക്ചറർമാരുടെ ഒഴിവിലേക്ക് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിരുന്നുവോ; എങ്കിൽ അന്ന് പരീക്ഷ നടന്നിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഇതിനുശേഷം പ്രസ്തുത തസ്തികയിലേക്ക് എന്നാണ് പി. എസ്. സി. അപേക്ഷ ക്ഷണിച്ചത്;

(ഡി) അപേക്ഷ ക്ഷണിച്ചതിനിടയിൽ ഇത്രയും കാലയളവ് വന്നതുമൂലം അനേകം ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുവാൻ ഇടയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) യു. ജി. സി. യോഗ്യത നേടിയിട്ടില്ലാത്തവർക്ക് പി. എച്ച്. ഡി. ഉണ്ടെങ്കിൽ ലക്ചറർമാരാകുവാൻ യോഗ്യത നൽകിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ ഉത്തരവിറക്കിയത്;

(എഫ്) ഇതിന് മുൻകാല പ്രാബല്യമുണ്ടോ; ഇല്ലെങ്കിൽ മുൻകാല പ്രാബല്യം നൽകി 2002-ന് ശേഷം പി. എച്ച്. ഡി. നേടിയവർക്കും കൂടി പരീക്ഷ എഴുതുവാൻ അവസരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 16.

(ബി—ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഉണ്ട്. 17-9-2002-ൽ.

(എഫ്) ഇല്ല. യു. ജി. സി. യാണ് ഇത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത്.

വിദ്യാഭ്യാസ വകുപ്പ് ശുപാർശ ചെയ്ത പുതിയ കോഴ്സുകൾ

126 [678] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 ധനകാര്യ വർഷത്തിൽ വിദ്യാഭ്യാസ വകുപ്പ് പ്ലസ് ടു, ബി. എഡ്. തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി ധനകാര്യ വകുപ്പിന് നൽകിയ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഈ ശുപാർശകളിൽ ഏതൊക്കെയാണ് ധനകാര്യ വകുപ്പ് അംഗീകരിച്ചത്;

(സി) ധനകാര്യവകുപ്പ് അംഗീകാരം നൽകാത്തതുമൂലം ആരംഭിക്കാനാവാത്ത കോഴ്സുകൾ ഏതൊക്കെയാണ്;

(ഡി) പ്ലസ് ടു, ബി. എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004 ധനകാര്യ വർഷത്തിൽ പ്ലസ് ടു ആരംഭിക്കുന്നതിനായി ധനകാര്യ വകുപ്പിന് ശുപാർശകളൊന്നും നൽകിയിട്ടില്ല. ബി. എഡ്. കോളേജുകൾ/കോഴ്സുകൾ അൺ എയിഡഡ് സെൽഫ് ഫൈനാൻസിംങ് അടിസ്ഥാനത്തിൽ മാത്രമാണ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly